| മാർക്കറ്റ് | | | |
|---|---|---|---|
| 88.90 ↑ | സെൻസെക്സ് | 34592.39 | |
| 30.05 ↑ | നിഫ്ടി | 10681.25 | |

| സ്വർണം | |
|---|---|
| പവൻ (8ഗ്രാം) | 22,040 |
| ഒരു ഗ്രാം | 2755 |

# റബർ വില ഉയർന്നു പൊങ്ങി, പിന്നെ നിലം പൊത്തി

◗വി.ജയകുമാർ

### റബർ അവധി വില

| | |
|---|---|
| ജനുവരി | -12906 |
| ഫെബ്രുവരി | -13065 |
| മാർച്ച് | -13250 |

■ ആർ.എസ്.എസ് 4 (കിലോയ്ക്ക്) 129 രൂപയിൽ നിന്ന് നാലു രൂപ കുറഞ്ഞു 125ൽ എത്തി. ■ ഫൈവ് 124ൽനിന്ന്121ആയി. ■ തരം തിരിക്കാത്തത് 111ൽ നിന്ന് 110 ആയി. ■ ഒട്ടുപാൽ 75ൽ നിന്ന് 74 ആയി. ■ ഐ.എസ്.എസ് വില 121- 127 രൂപപയിൽ നിന്ന് 120-124 ആയി.

കോട്ടയം: വിപണിയിൽ ചാഞ്ചാടി നിന്ന റബർ വില ഉയർന്ന പൊങ്ങിയ ശേഷം വീണ്ടും താഴ്ന്നു. വില ഉയരാതിരിക്കാൻ അവധി ക്കച്ചവടക്കാർ വില കുറച്ചതാണ് കാരണം. ക്രൂഡ് ഓയിൽ വില ഉയർന്നത് ഏഷ്യൻ റബർ വിപണിക്ക് കരുത്തു പകരുമെന്ന് നിക്ഷേപകർ കണക്കുകൂട്ടിയെങ്കിലും വ്യവസായികൾ ഡിമാൻഡ് കാട്ടാതിരുന്നതോടെ ക്രൂഡോയിൽ വിലയ്ക്കൊപ്പം റബർ വിലയിൽ മാറ്റമുണ്ടാകാതിരുന്നത് തിരിച്ചടിയായി. ചെറുകിട ടയർ കമ്പനികളാണ് ഐ.എസ്.എസിന് ഒരു രൂപ മുതൽ മൂന്നു രൂപ വരെ കുറച്ചത്. ഷീറ്റ് വിലയിൽ കുറവ് സംഭവിച്ചെങ്കിലും ലാറ്റക്സ് ക്ഷാമം ചെറുകിട വ്യവസായികളെ വിപണിയിൽ സജീവമാക്കി.

അവധി കച്ചവടക്കാർ 129 രൂപ വില നിശ്ചയിച്ചിരുന്നത് അത്യാവശ്യക്കാരായ ടയർ കമ്പനികൾ ഡിമാന്റ് കാട്ടിയതോടെ വില ഉയരുമെന്ന് മുൻകൂട്ടി കണ്ട് കുറയ്ക്കുകയായിരുന്നു . ഫെബ്രുവരി, മാർച്ച് അവധി വില ഉയർത്തി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും വില ഉയരാതിരിക്കാൻ അവധിക്കച്ചവടക്കാർ വിപണിയിലിറങ്ങികളിച്ച് മുൻകൂട്ടി പ്രഖ്യാപിച്ച വില കുറയ്ക്കുമെന്നതാണ് അനുഭവം. കൊച്ചിയിൽ 250 ടണ്ണിന്റെ കച്ചവടം നടന്നു. ടയർ കമ്പനികൾക്കായി വ്യാപാരികൾ 2000 ടൺ വാങ്ങി.

ടാപ്പിംഗ് സീസൺ അവസാനിക്കാറായതോടെ വില കൂടുമെന്ന പ്രതീക്ഷയിൽ കർഷകർ പുതിയ ഷീറ്റ് വിപണിയിൽ ഇറക്കാതെ സ്റ്റോക്ക് ചെയ്യുകയാണ്. വരും മാസങ്ങളിൽ ഉത്പാദനം കുറയുമെന്നതിനാൽ വില കൂടിയേക്കും. ഇതു മുന്നിൽകണ്ട് റബർ ഇറക്കുമതിക്കായുള്ള മുറവിളി ഉയരും. ഇതോടെ റബർ വിപണി വില വീണ്ടും നിലം പൊത്തിയേക്കും.

മുഖ്യ റബർ ഉത്പാദക രാജ്യങ്ങൾ കയറ്റുമതി നിന്ത്രിച്ചതോടെ ഷീറ്റ് വില ഉയർത്തുമെന്ന പ്രതീക്ഷയിലാണ് കർഷകർ. അന്താരാഷ്ട്ര വിപണിയിൽ ബാങ്കോക്കിൽ 103 രൂപയും ടോക്യോയിൽ 115 രൂപയും ചൈനയിൽ 123 രൂപയുമാണ് വില. ടോക്കോമിൽ റബറിനു നേരിട്ട തളർച്ച കണ്ട് ഇന്ത്യൻ വ്യവസായികൾ ആഭ്യന്തരനിരക്ക് താഴ്ത്തി.

മലേഷ്യ ഇസ്ലാമിക് ചേംബർ ഒഫ് കൊമേഴ്സ് പ്രതിനിധികളുമായി കേരള ചേംബർഒഫ് കൊമേഴ്സ് സംഘടിപ്പിച്ച കച്ചവട വ്യാപാര ചർച്ചാ സമ്മേളനത്തിൽ ചെയർമാൻ ആന്റണി തോമസ് കൊട്ടാരം ഉദ്ഘാടന പ്രസംഗം നടത്തുന്നു. വൈസ് ചെയർമാൻമാരായ ഡോ. ബിജു രമേശ്, ഷറഫുദ്ദീൻ, ഡയറക്ടർ അമീർ, എം. ഐ. സി. സി. വൈസ് പ്രസിഡന്റ് അബ്ദുൾ ലത്തീഫ് അവാങ് എന്നിവർ സമീപം.

FICCI
ICA
Interactive Session & One-to-One Business Meetings with Delegates of Malaysia Isla[...] Chamber of Commerce
KERALA CHAMBER OF COMMERCE & INDUSTRY

# കേരളത്തെ നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കും

■ സ്റ്റാർട്ട് അപ്പുകൾക്ക് 25 ലക്ഷം രൂപ ഈടില്ലാതെ വായ്പ
■ വിവിധ ലൈസൻസുകൾക്ക് സംയുക്ത പരിശോധന

തിരുവനന്തപുരം: നിക്ഷേപക സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനുള്ള വ്യവസായ വാണിജ്യ നയങ്ങളാണ് സർക്കാർ നടപ്പാക്കുന്നതെന്ന് മന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു. ലോക കേരള സഭയുടെ വ്യവസായ സമ്മേളനത്തിൽ അദ്ധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.

പ്രവാസി മലയാളികൾക്ക് നിക്ഷേപം നടത്താൻ അനുകൂല അന്തരീക്ഷമാണ് കേരളത്തിൽ. വ്യവസായ എസ്റ്റേറ്റുകളിൽ അനുവദിച്ച സ്ഥലത്തിന്റെ അഞ്ച് ശതമാനം പ്രവാസികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. സമ്മേളനത്തിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ നിയമസഭയിൽ അവതരിപ്പിക്കും.

കേരളത്തിലെ വ്യവസായ സാദ്ധ്യത വ്യക്തമാക്കുന്ന റിപ്പോർട്ട് കെ.എസ്.ഐ.ഡി.സി എം.ഡി ഡോ. എം. ബീന അവതരിപ്പിച്ചു. തൊഴിൽ മന്ത്രി ടി.പി. രാമകൃഷ്ണൻ, പി. കെ. ബിജു എം.പി, എം.എൽ.എ.മാരായ സി.കെ. നാണു, വി.കെ.സി. മമ്മദ് കോയ, കെ. എസ്. ശബരിനാഥ്, കോവൂർ കുഞ്ഞുമോൻ, എൻ. വിജയൻ പിള്ള തുടങ്ങിയവരും പങ്കെടുത്തു.

### വ്യവസായ സാദ്ധ്യതാ റിപ്പോർട്ടിൽ നിന്ന്

■ കൊച്ചിയെ അന്താരാഷ്ട്ര നിലവാരമുള്ള തുറമുഖ പട്ടണമായി വികസിപ്പിക്കും.
■ കൊച്ചി കപ്പൽ നിർമ്മാണശാല എട്ട് അന്തർവാഹിനികൾ നിർമിക്കാൻ ശേഷിയുള്ള വിധത്തിൽ വികസിപ്പിക്കുന്നതോടെ വ്യവസായ മേഖലയിൽ കൂടുതൽ സാദ്ധ്യത തെളിയും.
■ ഐ.ടി ഇതര മേഖലകളിലും സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ തുടങ്ങും. ഇതിനായി 25 ലക്ഷം രൂപ വരെ ഈടില്ലാതെ വായ്പ നൽകും. വ്യവസായികളെ തന്നെ ബ്രാൻഡ് അംബാസഡർമാരാക്കും.
■ മുള തുടങ്ങിയ പ്രകൃതിജന്യ വസ്തുക്കൾ ഉപയോഗിച്ച് ഉത്പന്നങ്ങൾ നിർമിക്കാനുള്ള വ്യവസായ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകും.
■ പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ മാനേജർമാരെ നിയമിക്കും. ഒരേ ഉല്പന്നം നിർമിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലയിപ്പിക്കും.
■ വിദഗ്ദ്ധ സമിതിയുടെ അഭിപ്രായം ആരാഞ്ഞ ശേഷമേ പഞ്ചായത്തുകൾക്ക് ഇനി സ്റ്റോപ്പ് മെമ്മോ നൽകാനാവൂ.
■ വിവിധ ലൈസൻസുകൾ നൽകുന്നതിനായി സംയുക്ത പരിശോധന നടത്തും.

### വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾ

■ തേങ്ങ, ചക്ക തുടങ്ങി തനതു കാർഷിക വിളകളുപയോഗിച്ചുള്ള ഉല്പന്നങ്ങളുടെ വിദേശവിപണി സാദ്ധ്യത പ്രയോജനപ്പെടുത്തണം
■ ഹെൽത്ത് ടെക്നോളജി രംഗത്തെ നിക്ഷേപക സാദ്ധ്യത പ്രയോജനപ്പെടുത്തണം
■ ജപ്പാൻ, സ്കാൻഡിനേവിയൻ രാജ്യങ്ങളുമായുള്ള സഹകരണത്തിന് പ്രധാന്യം നൽകണം
■ സർക്കാർ-സ്വകാര്യ പങ്കാളിത്തത്തിൽ കമ്പനികൾ രൂപീകരിച്ച് ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യണം
■ ത്രീഡി പ്രിന്റിംഗ് ടെക്നോളജിയുടെ സാദ്ധ്യതകളും പ്രയോജനപ്പെടുത്തണം

# കൊച്ചിൻ റിഫൈനറിക്ക് അത്യാധുനിക രക്ഷാവാഹനം

കാക്കനാട്: അപകടകരമായ വസ്തുക്കളുടെ ചോർച്ചയോ ഭൂകമ്പം പോലുള്ള പ്രകൃതി ദുരന്തങ്ങളോ ഉണ്ടായാൽ അടിയന്തിര രക്ഷാപ്രവർത്തനത്തിന് സർവ്വ സജ്ജീകരണങ്ങളുമുള്ള എമർജൻസി റെസ്പോൺസ് വെഹിക്കിളുമായി കൊച്ചിൻ റിഫൈനറി. ഹസാഡസ് മെറ്റീയിൽ എമർജൻസി റെസ്പോൺസ് വെഹിക്കിൾ എന്ന ഈ സംവിധാനം ഓസ്ട്രിയയിൽ നിർമ്മിച്ചതാണ്. വാഹനം ജർമ്മനിയുടേതാണ്.

മിനി കൺട്രോൾ റൂം, ലൈറ്റ് മാസ്റ്റ്, തെർമൽ ഇമേജിംഗ് ക്യാമറ എന്നീ അത്യാധുനിക സംവിധാനങ്ങളുണ്ട്. രണ്ടു കിലോമീറ്റർ വരെ സൂം ചെയ്യാവുന്ന ക്യാമറ വാഹനത്തിന് മുകളിലാണ്. ചോർന്ന വാതകങ്ങൾ വലിച്ചെടുക്കുന്നതിനുള്ള പമ്പുകളും അതു ശേഖരിക്കുന്നതിന് കണ്ടെയ്നറുകളും വാഹനത്തിലുണ്ട്. കുടുങ്ങിക്കിടക്കുന്നവരെ രക്ഷിക്കാനുമാകും. ഇന്ത്യയിൽ കൊച്ചിൻ റിഫൈനറിയ്ക്ക് മാത്രമാണ് ഈ സംവിധാനമുള്ളത്. എട്ട് കോടി രൂപയാണ് ഇതിന്റെ വില. വാഹനം പ്രവർത്തിപ്പിക്കാൻ മൂന്നു പേർ മതി.

# ഹോസ്റ്റൽ ഭക്ഷണത്തിന് നികുതി ഒഴിവാക്കണം

കൊച്ചി: വിദ്യാഭ്യാസ സ്ഥാപന ഹോസ്റ്റലുകളിലെ ഭക്ഷണത്തിന് അഞ്ച് ശതമാനം ജി. എസ്. ടി ഈടാക്കുന്ന ഉത്തരവ് പിൻവലിക്കണമെന്ന് കേരള ചേംബർ ഒഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി ചെയർമാൻ ആന്റണി തോമസ് കൊട്ടാരം ആവശ്യപ്പെട്ടു.

ഹോസ്റ്റലുകളിൽ ഭക്ഷണം തയ്യാറാക്കി വിളമ്പുന്നത് ആരുതന്നെയായാലും ഫലത്തിൽ നികുതി നൽകേണ്ടത് വിദ്യാർത്ഥികളാണ്. ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന പാവപ്പെട്ട കുട്ടികളെയും മാനേജ്മെന്റുകളെയും ഇത് വളരെയധികം ബുദ്ധിമുട്ടിലാക്കും. കേന്ദ്ര സർക്കാർ ഇകാര്യത്തിൽ പുന:പരിശോധന നടത്തണം. കേന്ദ്ര ധനകാര്യ മന്ത്രിക്ക് നിവേദനം നൽകുമെന്നും അദ്ദേഹം അറിയിച്ചു.

## വിനിമയനിരക്ക്

| കറൻസി | സെൽ | ബയിംഗ് |
|---|---|---|
| ഡോളർ | 63.69 | 63.60 |
| യൂറോ | 76.23 | 76.14 |
| പൗണ്ട് | 86.79 | 85.70 |
| സ്വിസ്ഫ്രാങ്ക് | 65.59 | 65.47 |
| സിംഗപ്പൂർ ഡോളർ | 47.98 | 47.91 |
| ആസ്ട്രേലിയ ഡോളർ | 50.13 | 50.07 |
| കനേഡിയൻ | 50.85 | 50.77 |
| ബഹ്റിൻ ദിനാർ | 168.74 | |
| കുവൈറ്റ് ദിനാർ | 211.19 | |
| ഒമാനി റിയാൽ | 165.27 | |
| സൗദി റിയാൽ | 16.96 | |
| യു. എ. ഇ. ദിർഹം | 17.32 | |
| ഖത്തർ റിയാൽ | 17.47 | |

## കമ്പോളനിലവാരം

### കൊച്ചി

| | |
|---|---|
| വെളിച്ചെണ്ണ മില്ലിംഗ് | 20,100 |
| വെളിച്ചെണ്ണ | 19,300 |
| കൊപ്ര | 13,000-14,000 |
| പിണ്ണാക്ക്എക്സ്പെല്ലർ | 3000 |
| പിണ്ണാക്ക്റോട്ടറി | 3800 |
| കുരുമുളക് | |
| ചേറ്റാത്തത് | 41,900 |
| കുരുമുളക്പുതിയത് | 40,400 |
| കുരുമുളക്ചേറ്റിയത് | 43,900 |
| ചുക്ക്മീഡിയം | 12,500 |
| ചുക്ക്ബെസ്റ്റ് | 13,500 |
| മഞ്ഞൾ | 11,500 |
| സേലം-ഈറോഡ് | 8500-9000 |
| കാഞ്ഞിരക്കുരു | 1850 |
| അടയ്ക്ക | |
| പുതിയത് | 20,000-21,000 |
| അടയ്ക്കപഴയത് | ഇല്ല |
| പഞ്ചസാര | 3700 |
| വറ്റൽമുളക് | 8000-15,000 |
| ഉഴുന്ന് | 6000-7000 |
| ചെറുപയർ | 6500-7300 |
| കടല | 5,500-6,500 |
| മുതിര | 4500 |
| എള്ള് | 11,000 |
| മല്ലി | 6,300-9,000 |
| പച്ചരി നമ്പർ-2 | 2400-3150 |
| പുഴുക്കലരി(ജയ) | 3700-3750 |
| ജാതിക്കതൊണ്ടൻ | 200-230 |
| തൊണ്ടില്ലാത്തത് | 380-390 |
| ജാതിപത്രി | 500-600 |
| ഗ്രാമ്പു | 690 |
| പാംഓയിൽ | 6430 |
| പൈനാപ്പിൾ | |
| പച്ച | 20.00 |
| പച്ച (സ്പെഷ്യൽ) | 21.00 |
| പഴം | 24.00 |
| റബർ | |
| ആർഎസ്എസ്4 | 12,900 |
| ആർഎസ്എസ്-5 | 11,900-12,500 |
| ഒട്ടുപാൽ | 8300 |
| ലാറ്റക്സ് | 8600 |

### ആലപ്പുഴ

| | |
|---|---|
| വെളിച്ചെണ്ണ | 19700 |
| പിണ്ണാക്ക് | 3000 |
| കൊപ്ര | 13000 |
| ,, | 13050 |
| ,, | 13100 |

### കോട്ടയം

കമ്പോളനിലവാരം

വ്യാപാരി വില

| | |
|---|---|
| ആർ.എസ്.എസ്4 | 126.50 |
| ആർ.എസ്.എസ്5 | 122.00 |
| തരംതിരിക്കാത്തത് | 112.00, 110.00 |
| ഒട്ടുപാൽ | 74.50 |
| റബർ ബോർഡ് | |
| ആർ.എസ്.എസ്4 | 12900 |
| ആർ.എസ്.എസ്5 | 12500 |
| തരംതിരിക്കാത്തത് | 11400 |
| ഒട്ടുപാൽ | 8930 |
| ബാങ്കോക്ക് | |
| ആർ.എസ്.എസ്1 | 10946 |
| ആർ.എസ്.എസ്2 | 10827 |
| ആർ.എസ്.എസ്3 | 10718 |
| ആർ.എസ്.എസ്4 | 10658 |
| ആർ.എസ്.എസ്5 | 10568 |
| കോലാലമ്പൂർ (ബ്രായ്ക്കറ്റിൽ ഡോളർ വില) | |
| എസ്.എം.ആർ 20 | 9710 (152.35) |
| 60% ലാറ്റക്സ് | 7868 (123.45) |
| വെളിച്ചെണ്ണ | 21500 |
| കൊപ്ര | 14000 |
| ശർക്കര (മറയൂർ) | 7400 |
| ശർക്കര (പാണ്ടി) | 5800 |

### തൃശൂർ

മാർക്കറ്റ്

| | |
|---|---|
| വെളിച്ചെണ്ണ | 19300 |
| കൊപ്ര | 13500 |
| തേങ്ങപിണ്ണാക്ക് | 2900 |
| എള്ളിൻപിണ്ണാക്ക് | 3150 |
| നല്ലെണ്ണ | 2200 |
| കടലെണ്ണ | 2200 |
| അടയ്ക്ക കൊക്കാലെ | |
| പഴയത് | 4000-4600 |
| രണ്ടാംതരം | 1000-2000 |
| അമല | |
| പുതിയത് | 4000-4530 |
| പഴയത് | 4200-4860 |
| രണ്ടാംതരം | 2600-3300 |
| അടയ്ക്ക പഴഞ്ഞി | |
| പഴയത് | 4100-4700 |
| പുതിയത് | 4000-4350 |
| രണ്ടാംതരം | 2600-3300 |

### നെടുമങ്ങാട്

കമ്പോളനിലവാരം

| | |
|---|---|
| കുരുമുളക്(പഴയത്) | 380 (കിലോ) |
| കുരുമുളക്(പുതിയത്) | 350 (കിലോ) |
| പച്ചക്കുരുമുളക് | 143 (,,) |
| കൊട്ടപ്പാക്ക് | 180 (,,) |
| വരവുമേനി | 140 (,,) |
| റബ്ബർ | 112 (,,) |
| ഒട്ടുപാൽ | 67 (,,) |
| ജാതിക്ക | 160 (,,) |
| ജാതിപരിപ്പ് | 260 (,,) |
| ജാതിപത്രി | 450 (,,) |
| ഗ്രാമ്പു | 500 (,,) |
| കാപ്പിപരിപ്പ് | 95 (,,) |
| കൊക്കോ | 10 (,,) |
| തേങ്ങ | 50 (,,) |
| സ്വർണം | |
| കൊച്ചി(8ഗ്രാം) | 22040 |
| ഒരുഗ്രാം | 2755 |
| വെള്ളി | |
| തിരുവനന്തപുരം | 43000 |
| കൊച്ചി | 43000 |

# രാജ്യാന്തര സഫാരി സമ്മേളനം നാളെ തുടങ്ങും

കൊച്ചി: മത്സ്യമേഖലയിൽ ഉപഗ്രഹവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം സംഘടിപ്പിക്കുന്ന രണ്ടാമത് രാജ്യാന്തര സഫാരി (സൊസൈറ്റൽ അപ്ലിക്കേഷൻസ് ഇൻ ഫിഷറീസ് ആൻഡ് അക്വാകൾചർ യൂസിംഗ് റിമോട്ട് സെൻസിംഗ് ഇമേജറി) സമ്മേളനം നാളെ (തിങ്കൾ) തുടങ്ങും. മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന സമ്മേളനം രാവിലെ 10ന് കേന്ദ്ര കാർഷിക ഗവേഷണ വിദ്യാഭ്യാസ സെക്രട്ടറി ഡോ. ത്രിലോചൻ മൊഹാപത്ര ഉദ്ഘാടനം ചെയ്യും.

മത്സ്യമേഖലയിലെ വിവിധ പദ്ധതികൾക്കായി ഉപഗ്രഹ വിവരങ്ങൾ ഉപയോഗിക്കുന്നതിനുള്ള രൂപരേഖ സമ്മേളനം തയ്യാറാക്കും.

മീനുകൾ കൂടുതൽ ലഭ്യമായ സ്ഥലങ്ങൾ കണ്ടെത്തൽ, കടലിന്റെ സ്വഭാവത്തെ കുറിച്ചുള്ള മുന്നറിയിപ്പുകൾ, ചാകര, കടലിലെ ഊഷ്മാവ് വ്യത്യാസം തുടങ്ങിയവ മുൻകൂട്ടി മനസിലാക്കൽ, ആവാസവ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചുള്ള പ്രവചനം തുടങ്ങിയവ ഉപഗ്രഹ സാങ്കേതികവിദ്യയുടെ സഹായത്തോടെ സാദ്ധ്യമാക്കുന്ന് സംബന്ധിച്ച് സമ്മേളനം ചർച്ച ചെയ്യും.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സമുദ്രശാസ്ത്രജ്ഞർ, ഉപഗ്രഹസാങ്കേതിക വിദഗ്ദ്ധർ , നയതന്ത്രജ്ഞർ, ഗവേഷകർ തുടങ്ങിയവർ ചർച്ചയ്ക്ക് നേതൃത്വം നൽകും. 'റിമോട്ട് സെൻസിംഗ് ഫോർ ഇക്കോസിസ്റ്റം അനാലിസിസ്' എന്ന പ്രമേയത്തിലാണ് സമ്മേളനം.

17-ന് 10.30ന് നടക്കുന്ന ദുരന്തനിവാരണത്തെ കുറിച്ചുള്ള പ്രത്യേക ചർച്ചയിൽ ഫിഷറീസ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ മുഖ്യാതിഥിയാകും.

## ശാസ്ത്രകൗമുദി

### വിഷാദം മറച്ചു വയ്ക്കരുത്

തലച്ചോറിലെ രാസവസ്തുക്കൾക്കുണ്ടാകുന്ന വ്യതിയാനവും പാരമ്പര്യവുമാണ് വിഷാദരോഗത്തിന് മുഖ്യകാരണം. ചികിത്സിച്ചാൽ ഭേദമാക്കാവുന്ന ഈ രോഗത്തെക്കുറിച്ച് ആളുകൾക്ക് പല തെറ്റിദ്ധാരണകളുമുണ്ട്. ഇത് ചികിത്സയ്ക്ക് തടസ്സമാകുമെന്ന് മാത്രമല്ല, വ്യക്തിയെ ആത്മഹത്യയിലേക്ക് പോലും നയിച്ചേക്കാം. ശരിയായ സമയത്ത് ചികിത്സിക്കാത്തത് കാരണം വിഷാദം മനസ്സിന്റെ താളം തെറ്റലിലേക്ക് വഴിമാറുന്നു എന്നതാണ് യാഥാർത്ഥ്യം. ചെറുതോ വലുതോ ആയ പ്രശ്നങ്ങൾക്കു മേൽ അമിതമായ വികാരക്ഷോഭങ്ങളും ചിന്തകളുമാണ് വിഷാദത്തിലേക്ക് നയിക്കുന്നത്. കുടുംബാന്തരീക്ഷം, സാമൂഹ്യപരവും തൊഴിൽപരവുമായ കാരണങ്ങൾ ഇവയെല്ലാം വിഷാദ രോഗത്തിന് കാരണമാകുന്നുണ്ട്. അറിയുക, വിഷാദം മറച്ചുവയ്ക്കപ്പെടേണ്ട രോഗമല്ല, തുറന്നുപറച്ചിലുകളും കൃത്യസമയത്തെ ചികിത്സയും മെച്ചപ്പെട്ട സൗഹൃദങ്ങളും വിഷാദത്തെ പ്രതിരോധിക്കും. കൃത്യസമയത്തുള്ള ചികിത്സ നിങ്ങളെ സാധാരണ ജീവിതത്തിലേക്ക് നയിക്കുകയും കരുത്തുള്ള വ്യക്തിത്വത്തിന് ഉടമയാക്കുകയും ചെയ്യും.

### കൗമുദി ടിവി

6.00 ഡിവോഷണൽ സോംഗ്
6.26 am, pm ദൈവദശകം
7.00 ജീസസ് ഈസ് എലൈവ്
7.30 പ്രണവം
8.30 ന്യൂസ്ട്രാക്ക്
9.00 താരപ്പകിട്ട്
9.30 ഹരിതം സുന്ദരം
10.35 സ്നേക്ക് മാസ്റ്റർ
11.00 ഹാസ്യരസം
1.00 സാൾട്ട് ആൻഡ് പെപ്പർ
1.35 പുതിയ പാട്ട്
6.00 നേർക്കണ്ണ്
6.35 സ്ട്രെയ്റ്റ് ലൈൻ
8.00 സ്വയംവരം
8.35 ഡേവിത്ത് എസ്റ്റാർ
10.00 ബിസിനസ് ന്യൂസ്

MEDIMIX
ദേവാമൃതം
Powered by SEAGULL
MON TO FRI
6:30AM
6:35PM

**ഡിഡി മലയാളം**
7.00 കൃഷിദർശൻ
8.00 മേഘരാഗം

**ഡിഡി കേരളം**
11.30 കൃഷിദർശൻ
2.00 മാജിക്കൽ ഫിങ്കേഴ്സ്
8.30 ചാറ്റ്ഷോ
10.30 ചായക്കൂട്ട്
11.00 ഗാന ശ്യാമ സന്ധ്യ

**ഏഷ്യാനെറ്റ്**
8.00 സിനിമാ ഡയറി
12.30 ഉർവശി തീയറ്റേഴ്സ്
1.30 കേരള കഫേ

**ന്യൂസ്**
8.00 വാർത്താ പ്രഭാതം
8.30 ചുറ്റുവട്ടം
12.30 ലോകജാലകം
2.30 ഡോ. ലൈവ്

**ഏഷ്യാനെറ്റ് പ്ലസ്**
7.30 ഇന്നത്തെ പാട്ടുകൾ
8.30 ഷാപ്പിലെ കറിയും നാവിലെ രുചിയും
4.30 കോമഡി ടൈം

**HBO**
06:00am Wrong Turn at Tahoe
07:12 Congo
09:07 Problem Child
10:28 Deep Blue Sea
12:19 Suicide Squad
02:36 Shooter
06:38 Pacific Rim
09:00 Ace Ventura: Pet Detective
11:00 Blue Lagoon: The Awakening

**STAR MOVIES**
07:35am Thir13en Ghosts
09:18 Turbo
11:11 Trolls
12:58 Miss Peregrine s Home for Peculiar Children
03:43 Avatar
07:02 Fantastic Four: Rise of the Silver Surfer
09:00 Miss Peregrine 's Home for Peculiar Children
11:44 The Hills Have Eyes II

**ANIMAL PLANET**
07:00am Wild Cats
08:00 Animal Planet Exclusives
08:30 Animal Planet Exclusives
09:00 Tanzania 's Best Kept Secret
09:30 Tanzania 's Best Kept Secret
10:00 Lords of the Jungle
11:00 Wildest Survival
12:00 Animals Unleashed
12:44 Survival Games
01:30 The Pack
05:00 Lords of the Jungle
06:00 Animals Unleashed
07:00 Animals Behaving Badly
08:00 Africa : Rivers of Life
09:00 Lords of the Jungle
10:00 Gangland Killers

### സിനിമ

**ഏഷ്യാനെറ്റ് hd:** 9.00 ആക്ഷൻ ഹീറോ ബിജു 2.30 മരുഭൂമിയിലെ ആന
**ഏഷ്യാനെറ്റ് മൂവീസ്:** 7.00 മൈ ഡിയർ മുത്തശ്ശൻ 9.00 കാക്കക്കുയിൽ 1.00 നിറക്കൂട്ട്
**ഏഷ്യാനെറ്റ്:** 9.00 ആക്ഷൻ ഹീറോ ബിജു 2.30 മരുഭൂമിയിലെ ആന
**ഏഷ്യാനെറ്റ് പ്ലസ്:** 12.00 8.30
**എസിവി:** 10.30 മധുരനൊമ്പരക്കാറ്റ് 2.00 തിളക്കം 9.30 തത്സമയം ഒരു പെൺകുട്ടി
**റോസ്ബൗൾ:** 10.00 പഹേലി
**ജുക്ക്ബോക്സ്:** 6.30 അപ്പ് ആൻ ഡൗൺ മുകളിൽ ഒരാളുണ്ട്
**കൈരളി:** 9.00 വല്യേട്ടൻ 4.15 യെന്നൈ അറിന്താൽ
**വി:** 12.30 കുടുംബപുരാണം 8.00 ഒപ്പം ഒപ്പത്തിനൊപ്പം

## നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2018 ജനവരി 14 ഞായർ)

**മേടം :** *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)*

ജോലി സാദ്ധ്യത. പങ്കാളിയുടെ ഉപദേശം തേടും. ചർച്ചകൾക്ക് പൂർണതയുണ്ടാകും.

**ഇടവം:** *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)*

പുതിയ കരാർജോലികൾ. അസുഖം മറന്ന് പ്രവർത്തിക്കും. പുതിയ സ്നേഹബന്ധങ്ങൾ.

**മിഥുനം :** *(മകയിരം രണ്ടാം പകുതിഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)*

കുടുംബത്തിൽ ഭിന്നത. വാഹനയാത്രയിൽ ശ്രദ്ധവേണം. പ്രശസ്തരുടെ വാക്കുകൾ ശ്രവിക്കും.

**കർക്കടകം :** *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)*

വിദ്യാർത്ഥികൾക്ക് അനുകൂല സമയം. തടസങ്ങൾ മാറിക്കിട്ടും. ബന്ധുക്കൾ വിരുന്നുവരും.

**ചിങ്ങം :** *(മകം, പൂരം, ഉത്രം കാൽ ഭാഗം)*

ദൂരയാത്ര നടത്തും. പ്രയത്നങ്ങൾക്ക് ഫലമുണ്ടാകും. ഗൗരവമുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യും.

**കന്നി :** *(ഉത്രം അവസാന മുക്കാൽ ഭാഗം, അത്തം, ചിത്തിര ആദ്യ പകുതിഭാഗം)*

വ്യവസ്ഥകൾ പാലിക്കും. രോഗങ്ങൾ അലട്ടും. ബാഹ്യപ്രേരണകളെ അതിജീവിക്കും.

**തുലാം :** *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)*

ഊഹക്കച്ചവടത്തിൽ ലാഭം. ശുഭാപ്തി വിശ്വാസം വർദ്ധിക്കും. ദേവാലയദർശനം.

**വൃശ്ചികം :** *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)*

സന്താനങ്ങൾക്ക് ധനഭാഗ്യം. പ്രവർത്തനശേഷി വർദ്ധിക്കും. ലക്ഷ്യപ്രാപ്തി നേടും.

**ധനു:** (മൂലം, പൂരാടം, ഉത്രാടം 15 നാഴിക)

ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കും. വരവും ചെലവും തുല്യമായിരിക്കും. പുതിയ ഗൃഹം വാങ്ങും.

**മകരം:** *(ഉത്രാടം അവസാന മുക്കാൽഭാഗം, തിരുവോണം, അവിട്ടം- ആദ്യപകുതി).*

സാമ്പത്തിക നേട്ടം. പുതിയ ഭരണ സംവിധാനം. അർപ്പണ മനോഭാവം.

**കുംഭം:** *( അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)*

പുനരുദ്ധാരണ പ്രവർത്തനങ്ങൾ. യാഥാർത്ഥ്യങ്ങളെ അംഗീകരിക്കും. വിദേശ യാത്ര ആലോചിക്കും.

**മീനം:** *(പൂരുരുട്ടാതി അവസാന കാൽഭാഗം, ഉത്രട്ടാതി, രേവതി).*

അപകടത്തിൽനിന്ന് രക്ഷപ്പെടും. ആത്മവിശ്വാസം വർദ്ധിക്കും. കാര്യതടസം മാറും.

- ഗോപകുമാർ ശർമ്മ